നെല്ല് സംഭരണ പദ്ധതിക്ക് നടപടി

15 (*105) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ലുസംഭരണ പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര നെൽ കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്നു വിശദമാക്കുമോ ;

(ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതി വഴി സംഭരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) സംഭരണവില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഉണ്ട്. 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. സെപ്റ്റംബറിൽ ആരംഭിച്ച 2014-15 ഒന്നാം സീസണിൽ നാളിതുവരെ 1.27 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ല	അളവ് (മെ.ടൺ)
1	ആലപ്പുഴ	30187.112
2	എറണാകുളം	135.921
3	ഇടുക്കി	10.627
4	കണ്ണൂർ	24.954
5	കോട്ടയം	12561.493
6	മലപ്പുറം	58.195
7	പാലക്കാട്	81917.795
8	തൃശ്ശൂർ	2022.630
9	തിരുവനന്തപുരം	46.947
10	വയനാട്	90.140
	ആകെ	127055.814

(ബി) ഉണ്ട്. 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒരു ലക്ഷത്തി എഴുപത്തിയയ്യായിരത്തിൽപ്പരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. 2014-15 ഒന്നാം സീസണിൽ ഇതുവരെ 51958 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2014-15-ലെ രണ്ട് സീസണിലുമായി ഏകദേശം 5.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ഉദ്ദേശിക്കുന്നത്. സെപ്റ്റംബറിൽ ആരംഭിച്ച 2014-15 ഒന്നാം സീസണിൽ 28-11-2014 വരെ 1.27 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(ഇ) നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നതിനായി സപ്ലൈകോ കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതു മേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാപത്രം ഉണ്ടാക്കുകയും അതുപ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ ബാങ്കുകളിൽനിന്നും ഓവർ ഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെല്ലിന് വില നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly